"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ) - ശ്രീ.എം.പി.പ്രദീപ് എന്ന വ്യക്തിക്ക് വഴിയ്ക്കായി ഭൂമി ആധാരം ചെയ്തു നൽകുന്നതിന് ജി.സി.ഡി.എ യ്ക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

G.O.(Rt)No.518/2026/LSGD തീയതി,തിരുവനന്തപുരം, 28-02-2026

---

പരാമർശം:- 1. ജി.സി.ഡി.എ സെക്രട്ടറിയുടെ 29/06/2022, 15.01.2026 തീയതികളിലെ 4491/എസ്റ്റേറ്റ്/ബി-1/2015/ജി.സി.ഡി.എ നമ്പർ കത്തുകൾ.

**ഉത്തരവ്**

എറണാകുളം ജില്ലയിൽ കാക്കനാട് വില്ലേജിൽ സർവ്വെ നമ്പർ 724-ൽ LAC No. 136/76, അവാർഡ് നമ്പർ 20/76 പ്രകാരം പാട്ടുപുരക്കൽ സ്കീമിന് വേണ്ടി പൊന്നുംവില പ്രകാരം ജി.സി.ഡി.എ തനതു ഫണ്ട് ഉപയോഗിച്ച് വാങ്ങിയിട്ടുള്ള ഭൂമി ശ്രീ.പ്രദീപ്.എം.പി എന്നവരുടെ അപേക്ഷ പരിഗണിച്ച് ടിയാന് 3 മീറ്റർ സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച മുൻ ജി.സി.ഡി.എ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം റദ്ദ് ചെയ്ത് കൊണ്ട് ടിയാന് 4 മീറ്റർ വീതിയിൽ വഴിയും 1 മീറ്റർ ബെൽമൗത്തും അനുവദിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കണമെന്ന് പരാമർശം പ്രകാരം ജി.സി.ഡി.എ സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിൽ കാക്കനാട് വില്ലേജിൽ സർവ്വെ നമ്പർ 724-ൽ LAC No. 136/76, അവാർഡ് നമ്പർ 20/76 പ്രകാരം ജി.സി.ഡി.എ.-യുടെ പാട്ടുപുരക്കൽ സ്കീമിന് വേണ്ടി പൊന്നുംവില പ്രകാരം തനതു ഫണ്ട് ഉപയോഗിച്ച് വാങ്ങിയിട്ടുള്ള ഭൂമിയിൽ നിന്നും ശ്രീ. എം.പി.പ്രദീപ് എന്ന വ്യക്തിക്ക് ടിയാന്റെ വസ്തുവിലേക്ക് ഗതാഗതം സാധ്യമാകുന്ന രീതിയിൽ 4 മീറ്റർ വീതിയിൽ വഴിയും 1 മീറ്റർ ബെൽമൗത്തും, അനുവദിക്കുന്നതിന് ജി.സി.ഡി.എ യ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3. അതോറിറ്റിയ്ക്ക് നഷ്ടം വരാത്ത രീതിയിലും, ഭാവിപ്രവർത്തനങ്ങളെ ബാധിക്കുന്നില്ല എന്നുറപ്പ് വരുത്തിക്കൊണ്ടും അതോറിറ്റിയിൽ ഉചിതതലത്തിൽ തീരുമാനമെടുത്തു കൊണ്ടും, ആവശ്യമുള്ള ഭൂമി മാത്രമേ അനുവദിക്കുന്നുള്ളൂ എന്നുറപ്പാക്കിക്കൊണ്ടും കമ്പോള വില ഈടാക്കി ആധാരം ചെയ്തു നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

JOINT SECRETARY

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി

ജില്ലാ കളക്ടർ, എറണാകുളം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/ഇ&ആർ.എസ്.എ) കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

റവന്യൂ (എ) വകുപ്പ്.

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (IA3/67/2022-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 28-02-2026 11:45:36

സെക്ഷൻ ഓഫീസർ